## പ്രസിദ്ധീകരണത്തിന്

## വസ്തുതാ വിരുദ്ധം.

കണ്ണൂർ സർവകലാശാല മലയാള പഠനവകുപ്പിൽ അസി.പ്രൊഫസർ തസ്തികയിലേക്ക് ഷിജുഖാനെ നിയമിക്കാൻ നീക്കം നടക്കുന്നു എന്ന രീതിയിയിൽ ചില മാധ്യമങ്ങളിൽ വന്ന വാർത്ത തികച്ചും വാസ്തവ വിരുദ്ധമാണ്. പ്രസ്തുത തസ്തികയിലേക്ക് ഷിജുഖാൻ എന്ന ഒരു അപേക്ഷകൻ ഉണ്ടായിരുന്നില്ല. സർവകലാശാലയുടെ വിശദീകരണം തേടാതെ ഏകപക്ഷീയമായി വാർത്ത നൽകുന്നതിൽ നിന്ന് മാധ്യമങ്ങൾ വിട്ടുനിൽക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

### എം.എസ്.സി വുഡ് സയൻസ് ആൻഡ് ടെക്നോളജി- സീറ്റ് ഒഴിവ്

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്കൂൾ ഓഫ് വുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ എം.എസ്.സി വുഡ് സയൻസ് ആൻഡ് ടെക്നോളജി (ഇൻഡസ്ട്രി ലിങ്ക്ഡ്) കോഴ്സിൽ ജനറൽ, എസ്.ഇ.ബി.സി, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 2021 നവംബർ മൂന്നിന് രാവിലെ 10 മണിക്ക് നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്കായി 0497-2782790, 9496353817 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

### 2020 - 21 അദ്ധ്യയന വർഷത്തെ സ്പോർട്സ് ഗ്രേസ് മാർക്ക്

2020 - 21 അദ്ധ്യയന വർഷത്തെ സ്പോർട്സ് ഗ്രേസ് മാർക്ക് അനുവദിച്ച് നൽകുന്നതിനായി ഒന്നാം വർഷ / രണ്ടാം വർഷ, ബിരുദ /ബിരുദാനന്തര കോഴ് സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കിയ അപേക്ഷകൾ, ഹാൾ ടിക്കറ്റ്, മറ്റ് സംസ്ഥാന / ദേശീയ മത്സരങ്ങളിൽ പങ്കെടുത്തവർ മെറിറ്റ് സർട്ടിഫിക്കറ്റിൻറെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അതതു പ്രിൻസിപ്പലിന്റെ ആമുഖ കത്തോടുകൂടി ഡയറക്ടർ, ഡിപ്പാർട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, കണ്ണൂർ സർവകലാശാല ക്യാംപസ് പി.ഒ, മാങ്ങാട്ടുപറമ്പ, കണ്ണൂർ - 670 567 എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. കൂടാതെ വേർഡ് ഫോമിൽ (MS Word) തയ്യാറാക്കിയ അപേക്ഷയുടെ പകർപ്പ് dpe@kannuruniv.ac.in എന്ന ഇമെയിൽ വിലാസത്തിലേക്കും അയക്കേണ്ടതാണ്. പ്രൊഫോർമ www.kannuruniversitydpe.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കായിക മത്സരത്തിൽ പങ്കെടുത്തവർ അവർക്ക് അർഹതപ്പെട്ട കൂടിയ ഗ്രേസ് മാർക്കിന് വേണ്ടി മാത്രമേ അപേക്ഷിക്കാവൂ. അപേക്ഷകൾ നിർബന്ധമായും നവംബർ 5 ന് വൈകിട്ട് 4 മണിക്ക് മുൻപായി മാങ്ങാട്ട്പറമ്പ ക്യാംപസിൽ എത്തിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകളും, ഭാഗികമായി ലഭിക്കുന്ന അപേക്ഷകളും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

### ഓപ്പൺ ഡിഫൻസ് (തുറന്ന സംവാദം ) 17. 11. 2021 ന്

കണ്ണൂർ സർവ്വകലാശാലയിൽ ഇകണൊമിക്സിൽ ഗവേഷണം നടത്തുന്ന രഞ്ജുഷ.എൻ എന്ന വിദ്യാർത്ഥി തൻ്റെ പി എച്ച്ഡി ബിരുദത്തിനായി സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിൻ മേലുള്ള തുറന്ന സംവാദം (ഓപ്പൺ ഡിഫൻസ്) 17. 11. 2021 ബുധനാഴ്ച രാവിലെ 11 മണിക്ക് വീഡിയോ കോൺഫറൻസിങ്ങിലൂടെ നടത്തുന്നതാണെന്ന് റിസർച്ച് ഡയറക്ടർ അറിയിച്ചു. പ്രസ്തുത പ്രബന്ധം സെമിനാറിന് മൂന്നു ദിവസം മുൻപ് മുതൽ ഗവ. ബ്രണ്ണൻ കോളേജിലെ ഇകണൊമിക്സ് വിഭാഗം ലൈബ്രറിയിൽ പരിശോധനയ്ക്ക് ലഭ്യമായിരിക്കും

**ഗ്രേഡ് കാർഡ് വിതരണം**

കണ്ണൂർ സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗത്തിനു കീഴിൽ 2020 ജൂൺ രണ്ടാം വർഷ ബിരുദാനന്തര ബിരുദ (Regular /Supplimentary / Improovement ) പരീക്ഷ എഴുതിയ എം കോം, എം എസ് സി മാത്സ് വിദ്യാർത്ഥികളുടെ ഗ്രേഡ് കാർഡ് 01/11/2021 തിങ്കളാഴ്ചയും, എം എ ഇംഗ്ലീഷ്, എം എ ഹിസ്റ്ററി വിദ്യാർത്ഥികളുടെ ഗ്രേഡ് കാർഡ് 2/11/2021 ചൊവ്വാഴ്ചയും, എം എ അറബിക്, എം എ എക്കണോമിക്സ് വിദ്യാർത്ഥികളുടെ ഗ്രേഡ് കാർഡ് 3/11/2021 ബുധനാഴ്ചയും കണ്ണൂർ യൂണിവേഴ്സിറ്റി താവക്കര ക്യാമ്പസ്സിൽ വച്ച് 10.30 AM മുതൽ 2.30 PM വരെ വിതരണം ചെയ്യുന്നു. വിദ്യാർഥികൾ നിർബന്ധമായും ഹാൾ ടിക്കറ്റ് / യൂണിവേഴ്സിറ്റി നൽകിയ തിരിച്ചറിയൽ രേഖ എന്നിവ ഹാജരാക്കേണ്ടതും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാകുന്നു.

**എം.എസ്.സി കമ്പ്യൂട്ടർ സയൻസ് , എം.സി.എ - സ്പോട് അഡ്മിഷൻ**

കണ്ണൂർ സർവ്വകലാശാല മാങ്ങാട്ടുപറമ്പ ക്യാമ്പസിലെ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിലെ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് , എം.സി.എ എന്നീ കോഴ്സുകളിൽ പട്ടികജാതി (SC) പട്ടിക വർഗ്ഗ (ST) വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾക്ക് 01-11-2021 തിങ്കളാഴ്ച രാവിലെ 10:30 ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിപ്പാർട്ട്മെന്റിൽ സ്പോട് അഡിമിഷന് പങ്കെടുക്കാവുന്നതാണ്.

## <u>യു ജി സി - എച് ആർ ഡി സി കോഴ്സുകൾ</u>

കണ്ണൂർ സർവകലാശാല യു ജി സി - എച് ആർ ഡി സി ക്കു 2021-22 വർഷത്തിൽ യു ജി സി അനുവദിച്ച കോഴ്സുകളിൽ താഴെ പറയുന്ന കോഴ്സുകൾക്ക് സർവകലാശാല - കോളേജ് അധ്യാപകരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു.

റിഫ്രഷർ കോഴ്സ് ഇൻ ബയോളജിക്കൽ സയൻസ് 05-11-2021 നു തുടങ്ങി 18-11-2021നു അവസാനിക്കും. ഈ കോഴ്സിനുള്ള അപേക്ഷകൾ 02-11-2021 വൈകുന്നേരം അഞ്ചു മണി വരെ സ്വീകരിക്കും.

ഫാക്കൽറ്റി ഇൻഡക്ഷൻ പ്രോഗ്രാം 23-11-2021 നു തുടങ്ങി 22-12-2021നു അവസാനിക്കും. ഈ കോഴ്സിനുള്ള അപേക്ഷകൾ 15-11-2021 വൈകുന്നേരം അഞ്ചു മണി വരെ സ്വീകരിക്കും.

വിന്റർ സ്കൂൾ ഇൻ ഫിസിക്സ് ആൻഡ് കെമിസ്ട്രി 24-11-2021 നു തുടങ്ങി 07-12-2021നു അവസാനിക്കും. ഈ കോഴ്സിനുള്ള അപേക്ഷകൾ 17-11-2021 വൈകുന്നേരം അഞ്ചു മണി വരെ സ്വീകരിക്കും.

വെബ്സൈറ്റിൽ റെജിസ്ട്രേഷൻ പേജിൽ ടീച്ചർ രെജിസ്ട്രേഷൻ നടത്തി വീണ്ടും ലോഗിൻ ചെയ്തു കോഴ്സ് തിരഞ്ഞെടുത്തു അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഓൺലൈൻ ലൈവ് സെഷൻ മുഖാന്തിരമാണ് ക്ലാസ് നടത്തുന്നത്. പരിമിതമായ സീറ്റുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഫീസ് അടച്ച രസീതിന്റെ വിവരങ്ങൾ നൽകുന്നതിനുള്ള ലിങ്ക് അപേക്ഷകർ നൽകിയ ഈമെയിലിലേക്ക് അയച്ചുകൊടുക്കുന്നതാണ്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.kannuruniversity.ac.in) ലഭ്യമാണ്. തിരഞ്ഞെടുക്കപ്പെടുന്നവർക്കു അപേക്ഷാ ഫോമിൽ നൽകിയിരിക്കുന്ന ഇ-മെയിലിൽ അറിയിപ്പ് ലഭിച്ചതിനു ശേഷം മാത്രം റെജിസ്ട്രേഷൻ ഫീ അടച്ചാൽ മതി. ഒരിക്കൽ നൽകിയ ഫീ ഒരു കാരണവശാലും തിരികെ നൽകുന്നതല്ല.

## ഹാൾടിക്കറ്റ്

സർവകലാശാല റൂറൽ ആൻഡ് ട്രൈബൽ സോഷ്യോളജി പഠനവകുപ്പിലെ ഒന്നാം സെമസ്റ്റർ എം.എ ട്രൈബൽ ആൻഡ് റൂറൽ സ്റ്റഡീസ് നവംബർ 2020 പരീക്ഷയുടെ ഹാൾടിക്കറ്റും നോമിനൽ റോളും സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ് .